ശ്രീ. എ. ജെ. ജാൺ : അങ്ങനെയാണെങ്കിൽ കെട്ടിടം ഉടൻ തീരുന്നതാണോ.

ശ്രീ. പി. കെ. ഡീവർ : ൧,൦൦൦ രൂപാ വാങ്ങിയതു് ഏതെങ്കിലും വ്യവസ്ഥകൾക്കു് ഉൾപ്പെട്ടിട്ടാണോ?

ശ്രീ. എ. ജെ. ജോൺ : അതേ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : എന്നാണു് ഈ വാഗ്ദാനം കൊടുത്തതു്?

ശ്രീ. എ. ജെ. ജാൺ : മൂന്നരകൊല്ലത്തിനു മുൻപു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ വാഗ്ദാനം പാലിക്കാതിരിക്കാൻ പ്രത്യേക കാരണങ്ങൾ വല്ലതും ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഇല്ല.

ശ്രീ. കെ. എ. മാത്യു : പണം പോരെന്നുള്ള കാരണംകൊണ്ടു് വാഗ്ദാനം പാലിക്കാതിരിക്കുന്നതു് ഗവൺമെണ്ടിന്റെ അന്തസ്സിനു് യോജിച്ചതാണോ?

ശ്രീ. എ. ജെ. ജോൺ : അതിൽ പിന്നീടു് എസ്റ്റിമേറു് വരുത്തി നോക്കിയതിൽ ൧൪,൦൦൦ രൂപാ വേണമെന്നു കണ്ടു. അതുകൊണ്ടാണു് ഇതുവരെ അതിൽ കൈയും പ്രവർത്തിക്കാൻ സാധിക്കാതിരുന്നിട്ടുള്ളതു്.

ശ്രീ. കെ. എ. മാത്യു : അങ്ങനെ ആണെങ്കിൽ ആ സംഭാവന തുക അവർക്കുതന്നെ തിരിയെ കൊടുക്കാമോ?

ശ്രീ. എ. ജെ. ജോൺ : അതു ഗവൺമെണ്ടിന്റെ അന്തസ്സിനു് യോജിച്ചതല്ല.

ശ്രീ. എ. താണുപിള്ള : ഈ സംഭാവന ഗവൺമെണ്ടു് ആവശ്യപ്പെട്ടിട്ടാണോ അതോ സ്വമേധയാ ജനങ്ങൾ നൽകിയതാണോ?

ശ്രീ. എ. ജെ. ജോൺ : ൧,൦൦൦ രൂപ ജനങ്ങൾ സംഭാവന ചെയ്യുകയാണെങ്കിൽ ആശുപത്രി സ്ഥാപിക്കാമെന്നു ഗവൺമെണ്ടു് പറഞ്ഞു. അതനുസരിച്ചു ജനങ്ങൾ ൧൦൦൦ രൂപാ ട്രഷറിയിൽ അടച്ചു.

ശ്രീ. പട്ടം താണുപിള്ള : ഈ പണം അവർക്കു് തിരിയെ കൊടുക്കാമോ?

ശ്രീ. എ. ജെ. ജോൺ : ഞാൻ നേരത്തെ പറഞ്ഞു, അതു ശരിയല്ലെന്നു്. ഏതായാലും ഗവൺമെണ്ടു് അവിടെ ആശുപത്രി തുടങ്ങാൻ പോകുകയാണു്. ൧൯൫൦-ൽ ചിലവാനം രൂപാ ചിലവു് ചെയ്തതു് അവിടെ ആശുപത്രി സ്ഥാപിക്കുമ്പോൾ അതു ഗവൺമെണ്ടിന്റെതായി തീരുന്നതാണു്.

താലൂക്കുരൂപീകരണം

*൩൨൩ (൫൫) സാഹിബു് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെകാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യു വകുപ്പു മന്ത്രി സഭയിൽ മറുപടി പറയുമോ?

താലൂക്കു രൂപീകരണം (കാൺസ്റ്റിറ്റ്യൂഷൻ ഓഫ് താലൂക്ക്സ്) എപ്പോൾ നടക്കുമെന്നു പറയുമോ?

റവന്യുവും ധനകാര്യവും മന്ത്രി(ശ്രീ. എ. ജെ. ജോൺ): ഈപ്രശ്നം ഇപ്പോൾ ആലോചിക്കുന്നില്ല.എപ്പോൾ ആലോചനക്കെടുക്കുമെന്നു പറയാനും സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly